പെടുന്നില്ല. അതുകൊണ്ട് മിനറൽസ് റെഗുലേഷൻസ് ആൻഡ് ഡെവലപ്പ്മെൻറ് ആക്ട് 1957 അനുസരിച്ച് സെൻട്രൽ ഗവൺമെൻറുമായി കൺസൽട്ടുചെയ്തുകൊണ്ട് സ്റ്റേറ്റ് ഗവൺമെൻറ് തന്നെ നിയമനിർമ്മാണം നടത്താൻ കഴിയുകയില്ലേ എന്നു പരിശോധിക്കേണ്ടതാണ്.

ശ്രീ. പി. സി. ചാക്കോ: വേറെ ചില എറെടുക്കൽ സംബന്ധിച്ച് ഇവിടെ തർക്കമുണ്ടായിട്ടുള്ളതാണ്. സംസ്ഥാന ഗവൺമെൻറ് ചിലത് എറെടുക്കുകയും ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പോയി എറെടുത്ത നടപടിയെ ചോദ്യം ചെയ്യുകയും ചെയ്ത സംഭവം ഉണ്ടായിട്ടുണ്ട്. ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറ് ആൻഡ് റഗുലേഷൻസ് ആക്റ് അനുസരിച്ചാണെങ്കിലും ഇവിടെ ചൂണ്ടിക്കാണിച്ച മൈൻസ് ആൻഡ് മിനറൽസ് ആക്റ് അനുസരിച്ച് ആണെങ്കിലും രണ്ടും കേന്ദ്ര ആക്ടുകളാണ്. അതുകൊണ്ട് കേന്ദ്രഗവൺമെൻറിൻറെ അംഗീകാരത്തോടുകൂടി മാത്രമേ നിയമനിർമ്മാണം നടത്താൻ സാധിക്കൂ. ഇത് എറെടുക്കാൻ നിയമനിർമ്മാണം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെൻറ് ഔദ്യോഗികമായി കേന്ദ്രഗവൺമെൻറിന് എഴുതുകയും ഞാൻ നേരിട്ട് നിവേദനം നടത്തുകയും ചെയ്തിട്ടുണ്ട്. അവരുടെ കൺകറൻസോടുകൂടിയല്ലാതെ നമുക്ക് ഈ നിയമനിർമ്മാണം നടത്താൻ കഴിയുകയില്ലെന്നതുകൊണ്ട് നെഗോഷിയേറ് ചെയ്ത് സെറ്റിൽ ചെയ്യാൻ കഴിയുമോ എന്ന കാര്യം ഗവൺമെൻറ് ആലോചിക്കുന്നതാണ്.

(2) ഇടുക്കി നിയോജകമണ്ഡലത്തിലെ ചില പഞ്ചായത്തുകളിൽ വെള്ളപ്പൊക്കവും ഉരുൾപൊട്ടലുംമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

ശ്രീ. ജോസ് കുറ്റിയാനി: ഇടുക്കി നിയോജകമണ്ഡലത്തിൽപ്പെട്ട കാമാക്ഷി, വാത്തുക്കുടി പഞ്ചായത്തുകളിൽ ഉണ്ടായ ഉരുൾപൊട്ടലിൻറെ ഫലമായി വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടായിരിക്കുന്നു. അതുപോലെതന്നെ മരിയാപുരം, അറക്കുളം, കൊന്നത്തടി, വാഴത്തോപ്പ്, കഞ്ഞിക്കുഴി തുടങ്ങിയ പഞ്ചായത്തുകളിൽ ഉണ്ടായ കനത്ത മഴയുടെ ഫലമായി ഏതാണ്ട് 400-ൽപ്പരം കൃഷിക്കാരുടെ ദേഹണ്ഡങ്ങൾ പൂർണ്ണമായും 620-ൽപ്പരം കർഷകരുടെ ദേഹണ്ഡങ്ങൾ ഭാഗികമായും നശിച്ചുപോയിരിക്കുകയാണ്. കഴിഞ്ഞ ഏതാനും ആഴ്ചകളായി കനത്ത മഴയാണ് ഇടുക്കി ജില്ലയിൽ പെയ്തുകൊണ്ടിരിക്കുന്നത്. ഉരുൾപൊട്ടലിൻറെ ഫലമായി കാമാക്ഷി പഞ്ചായത്തിലെ പാണ്ടിപ്പാറ, കൊച്ചുകുടി, കാമാക്ഷി എന്നീ സ്ഥലങ്ങളിലും താപ്രംകുടി എന്നീ സ്ഥലങ്ങളിലും ഉള്ള 40-ൽപ്പരം കൃഷിക്കാരുടെ ദേഹണ്ഡങ്ങൾ പൂർണ്ണമായും നശിച്ചുപോയിരിക്കുകയാണ്. ഭൂമിയിൽ തറനിരപ്പിൽ ഇരുപത് അടി ആഴത്തിലുള്ള മണ്ണ് വരെ ഒലിച്ചുപോയിരിക്കുകയാണ്. ചുറ്റുമുള്ള മുഴുവൻ ദേഹണ്ഡങ്ങളും പൂർണ്ണമായും നശിച്ചിരിക്കുകയാണ്. ഇരുപതിൽപ്പരം ആളുകളുടെ വീടുകളും, അതിനോട് ബന്ധപ്പെട്ട് പൂർണ്ണമായും ഒഴുകിപ്പോയിരിക്കുകയാണ്. മരിയാപുരം, കൊന്നത്തടി, വാഴത്തോപ്പ് തുടങ്ങിയ പഞ്ചായത്തുകളിൽ ഉണ്ടായ മഴയുടെ ഫലമായി അവിടത്തെ ഭൂപണയ ബാങ്കിൽനിന്നും വായ്പയെടുത്ത് കെട്ടിയിരുന്ന പാടശേഖരങ്ങളുടെ അതിർത്തിയിലെ ബണ്ടുകൾവരെ നശിക്കുകയും അതിൻറെ ഫലമായി നിരവധി കർഷകർക്ക് അവരുടെ പാടശേഖരങ്ങളിലെ കൃഷിവരെ പൂർണ്ണമായും നശിച്ചുപോകുന്ന അവസ്ഥ ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. എല്ലാവരുടെയും ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

കയ്യിലുണ്ടെങ്കിലും രണ്ടുമൂന്നു പേരുടെ വിവരം മാത്രമേ വായിക്കാൻ ആഗ്രഹിക്കുന്നുള്ളു. മരിയാപുരം പഞ്ചായത്തിൽപ്പെട്ട കുര്യൻ തോമസ്, എമ്പ്രയേൽ എന്നീ രണ്ടുപേർ മലബാർ ഭൂപണയ ബാങ്കിൽനിന്നും വായ്പ എടുത്ത് കെട്ടിയിരുന്ന ഏതാണ്ട് പതിനായിരത്തിൽപ്പരം അടി നീളത്തിലുള്ള കണ്ടത്തിന്റെ സൈഡിലുള്ള ഡബിംകെട്ട് പൂർണ്ണമായും നശിച്ചുപോവുകയും ഒരേക്കർ നാല്പത്തിരണ്ട് സെന്റ് പാടശേഖരം പരിപൂർണ്ണമായും മണ്ണ് കയറി മൂടിപ്പോവുകയും ചെയ്ത അവസ്ഥാവിശേഷം ഉണ്ടായിരിക്കുകയാണ്. വർക്കി ജോൺ, നെല്ലിക്കുന്നിൽ, മരിയാപുരം, എം. കെ. വേലായുധൻ, എള്ളുക്കുന്നിൽ, മരിയാപുരം തുടങ്ങിയ ആളുകളുടെയും പാടശേഖരങ്ങളും പൂർണ്ണമായും നശിച്ചുപോയിരിക്കുന്നു. തൊമ്മൻ കുര്യൻ, വരിക്കമാറ്റിൽ, മരിയാപുരം ഈ പറയുന്ന ആളുകളുടെ പതിനായിരത്തിൽപ്പരം അടി നീളമുള്ള കെട്ടും പൂർണ്ണമായും നശിച്ചുപോയിരിക്കുകയാണ്. അതുപോലെതന്നെ ഏലം, കുരുമുളക്, തെങ്ങ്, കമുക് തുടങ്ങിയ കൃഷിസ്ഥലങ്ങളും പൂർണ്ണമായും നശിച്ചുപോയിരിക്കുന്നു. മൊത്തത്തിൽ ഏതാണ്ട് പതിനായിരത്തിൽപ്പരം കൃഷിക്കാർക്ക് ഈ പേമാരിയുടെയും ഉരുൾപൊട്ടലിന്റെയും ഫലമായി നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അവിടത്തെ റോഡുകൾ നശിച്ചുപോയിരിക്കുന്നു. വെള്ളത്തൂവൽ പഞ്ചായത്തും, കൊന്നത്തടി പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന പാലത്തിന് കേടുപാട് സംഭവിച്ചതുകൊണ്ട് കഴിഞ്ഞ രണ്ടുമൂന്നു ആഴ്ചകളായി കൊന്നത്തടി പഞ്ചായത്തിലും, വാത്തുക്കുടി പഞ്ചായത്തിലും റേഷൻ കൊണ്ടുപോകാൻ സാധിക്കാത്തതുകൊണ്ട് റേഷൻ വിതരണംപോലും നടക്കാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു. ഇങ്ങനെ ഉണ്ടായിരിക്കുന്ന നാശനഷ്ടങ്ങൾ അവർക്ക് തനിച്ച് പുനരുദ്ധരിക്കാൻ സാധിക്കാത്തതുകൊണ്ട് എടുത്തിരിക്കുന്ന വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടായിരിക്കുന്നതിന്റെ ഫലമായി അവിടെയുള്ള കർഷക സംഘടനയുടെ നേതൃത്വത്തിൽ കളക്ടറെ കാണുകയും നിവേദനം നടത്തുകയും ചെയ്തു എങ്കിലും കളക്ടർ സ്ഥലം സന്ദർശിക്കുകയും ആവശ്യമായ പരിഹാരം ഉണ്ടാക്കാമെന്ന് വാക്കാൽ ഉറപ്പുകൊടുത്തുവെങ്കിലും ഫലപ്രദമായ നടപടി എടുക്കാൻ സാധിക്കാത്തതിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധിക്കുകയും ആ പ്രദേശത്തെ കൃഷിക്കാരുടെ ഇല്ലായ്മയ്ക്കും, വല്ലായ്മക്കും, കഷ്ടപ്പാടുകൾക്കും പരിഹാരം ഉണ്ടാക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുകയും അവരുടെ ഭൂമി പുനരുദ്ധരിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം കൊടുത്ത് ആ പ്രദേശത്തെ കൃഷിക്കാരെ അനുഗ്രഹിക്കേണമേ, സഹായിക്കേണമേ എന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ പി. എസ്. ശ്രീനിവാസൻ): സർ, ബഹുമാനപ്പെട്ട ശ്രീ. ജോസ് കുറ്റിയാനി ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി തുടർച്ചയായി പെയ്തുകൊണ്ടിരിക്കുന്ന മഴയുടെ ഫലമായി ഉരുൾപൊട്ടലും മറ്റ് നാശനഷ്ടങ്ങളും സംഭവിച്ചിട്ടുണ്ട്. അദ്ദേഹം ഇവിടെ പറഞ്ഞ മിക്കവാറും കാര്യങ്ങളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. സർ, ഉരുൾപൊട്ടൽ അദ്ദേഹം പറഞ്ഞ ആ സ്ഥലങ്ങളിൽ ഉണ്ടായതിന്റെ ഫലമായിട്ട് കൃഷിനാശവും വീടുകൾക്ക് നാശവും സംഭവിച്ചത് മാത്രമല്ല ഒരു കുട്ടി മരിച്ചത് ഉൾപ്പെടെയുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അദ്ദേഹം ഇവിടെ പറഞ്ഞതുപോലെ കളക്ടർ സ്ഥലം സന്ദർശിച്ചിട്ടുണ്ട്. റവന്യൂ ഉദ്യോഗസ്ഥനും സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അവർ അതിന് ആവശ്യമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ജില്ലാധികാരികളുടെ പരിധിയിൽ ഉൾപ്പെട്ട അവർക്ക് ചെയ്യാവുന്ന നടപടികളെല്ലാം അടിയന്തിരമായി സ്വീകരിക്കും. അവരുടെ പരിധിക്കപ്പുറമുള്ള കാര്യങ്ങളെക്കുറിച്ച് വിശദമായ വിവരം ഗവൺമെൻറിന് കിട്ടിയിട്ടുണ്ട്. ഗവൺമെൻറിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്. പ്രായപൂർത്തിയായ ഒരാൾ മരിക്കുകയാണെങ്കിൽ രണ്ടായിരം ഉറുപ്പികയും കുട്ടിയാണ് മരിക്കുന്നതെങ്കിൽ ആയിരം ഉറുപ്പികയും വീട് പൂർണ്ണമായി നശിക്കുകയാണെങ്കിൽ 750 ഉറുപ്പികയും കൃഷിനാശമോ, വിളനാശമോ സംഭവിച്ചാൽ ഓരോന്നിനും പ്രത്യേക റേറ്റും നിശ്ചയിച്ചിട്ടുണ്ട്. ബഹുമാന്യപ്പെട്ട അംഗം പറഞ്ഞതിന്റെ അടിസ്ഥാനത്തിലും അവിടെ നടന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിലും ഇതുകൊണ്ട് മാത്രം മതിയാകാത്ത നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. ഗവൺമെൻറിനെ കൊണ്ട് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതാണെന്ന് പറയാൻ ആഗ്രഹിക്കുന്നു.

II. സബ്മിഷൻ

പെരിന്തൽമണ്ണ താലൂക്കിലെ ഒരു ജനാർദ്ദനന്റെ കൊലപാതകം

സംബന്ധിച്ച് ശ്രീ. എം. പി. ഗംഗാധരന്റെ സബ്മിഷൻ

ശ്രീ. എം. പി. ഗംഗാധരൻ: സർ, അതിദാരുണവും നിഷ്ഠൂരവും പൈശാചികവുമായ ഒരു സംഭവം ഇക്കഴിഞ്ഞ 18-ാം തീയതി പെരിന്തൽമണ്ണ താലൂക്കിൽ നടന്നത് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ശ്രമിക്കുകയാണ്. മുപ്പത്തിനാല് വയസ്സുകാരനായ ഒരു കോൺഗ്രസ് പ്രവർത്തകനായിരുന്നു ശ്രീ. ജനാർദ്ദനൻ. അദ്ദേഹം ഒരു എക്സ് മിലിട്ടറിയാണ്. അദ്ദേഹം നാട്ടിൽ വന്നതിനുശേഷം കോൺഗ്രസ് പ്രവർത്തനം തുടങ്ങി. അതിന്റെ പേരിൽ മറ്റു പാർട്ടിക്കാർക്ക് വൈരാഗ്യം ഉണ്ടായി. അതിനെത്തുടർന്ന് 18-8-1981 ചൊവ്വാഴ്ച വൈകുന്നേരം പെരിന്തൽമണ്ണ ബസ്സ്റ്റാൻഡിൽനിന്ന് മടങ്ങുകയായിരുന്ന അദ്ദേഹം കാറൽമണ്ണവഴി ആലിപ്പറമ്പ്-പൂവത്താനി റോഡിൽക്കൂടെ തൂതപ്പുഴയിൽ താളിക്കടവ് കടന്ന് അദ്ദേഹത്തിന്റെ വീടിന്റെ സമീപം എത്തി. മാർക്സിസ്റ്റുകാർ എന്നു പറയുന്ന ഗുണ്ടകൾ അദ്ദേഹത്തെ പിൻതുടരുകയും അടിക്കുകയും അദ്ദേഹം അടിയിൽനിന്നും രക്ഷപ്പെടാൻവേണ്ടി വയലിൽക്കൂടി വീടിന്റെ ഭാഗത്തേക്ക് നടന്നു. അവിടെ എത്തുമ്പോഴേക്കും വീടിനുചുറ്റും ആ പടിയിലും മറ്റൊരുകൂട്ടം കാത്തുനിൽക്കുകയായിരുന്നു. അവർ നേരിട്ട് അദ്ദേഹത്തെ കല്ലെറിഞ്ഞും അടിച്ചും കൊണ്ടിരുന്നു. സഹിക്കവയ്യാതെ അദ്ദേഹം ആത്മരക്ഷാർത്ഥം പുഴയുടെ ഭാഗത്തേക്ക് ഓടി. അദ്ദേഹത്തെ പിൻതുടർന്ന് അടിക്കുകയും മാരകമായി മുറിവേൽപ്പിക്കുകയും ചെയ്തതിനുശേഷം പുഴയിലേക്ക് എറിഞ്ഞു. കൂലംകുത്തിയൊഴുകുന്ന പുഴയിൽ ധാരാളം വെള്ളം ഉണ്ടായിരുന്നു. കരകവിഞ്ഞൊഴുകുന്ന തൂതപ്പുഴയിൽ പൊങ്ങിയും താണും രക്ഷപ്പെടാൻവേണ്ടി ഒരു കിലോമീറ്റർ വരെ ആ യുവാവ് വെള്ളത്തിലൂടെ ഒഴുകി. പിൻതുടർന്ന് വീണ്ടും കല്ലെറിഞ്ഞ് കല്ലെറിഞ്ഞ് യാതൊരു ആശ്രയവും ഇല്ലാതെ വെള്ളത്തിൽ താണുപോവുകയാണുണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly